LIBRARY ARCHIVES Kerala Legislative Assembly

പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്, ഇ-മാലിന്യ ശേഖരണം എന്നിവയുടെ പുരോഗതി

155 (1593) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന്റെ പദ്ധതികളായ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്, ഇ-മാലിന്യ ശേഖരണം എന്നിവ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം ;

(സി) നടപ്പിലാക്കിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് അവിടേക്ക് പ്ലാസ്റ്റിക് എത്തിച്ച് ഷ്രെഡ്ഡ് ചെയ്യുന്നതിന് ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ആയതിനായി റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാനും നടപടി എടുത്തിട്ടുണ്ട്. ഈ പ്ലാന്റുകൾ നിർവ്വഹണം നടത്തുന്നതിനുള്ള ഉത്തരവാദിത്തം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇത്തരത്തിലുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തി വരുന്നുണ്ട്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നതിന് നടപടി

156 (1594) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുവാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ; എങ്കിൽ ഏതു വിധത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) അലക്ഷ്യമായ രീതിയിൽ വീടുകളിലും സ്ഥാപനങ്ങളിലും കൂട്ടിയിട്ട് പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ട്യൂബ് ലൈറ്റുകളും സി.എഫ്.എൽ.-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നു മാസത്തിലൊരിക്കൽ സംസ്ഥാനത്തെ 14 കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വിജയമാകുന്ന പക്ഷം ഇതൊരു സ്ഥിരം സംവിധാനം ആക്കാനും ആലോചനയുണ്ട്.

(ബി) ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽനിന്നും ശേഖരിക്കുന്നതിന് നഗരസഭകൾവഴി സംവിധാനം ഏർപ്പെടുത്തി വരുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണകേന്ദ്രം തുടങ്ങിയിട്ടുണ്ട്. മറ്റു നഗരങ്ങളിലും സംവിധാനം ഏർപ്പെടുത്തിവരുന്നു. മാസംതോറും ഇലക്ട്രോണിക് മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്.

(സി) മറ്റു ഇ-മാലിന്യങ്ങളോടൊപ്പം 90:10 എന്ന അനുപാതത്തിൽ ട്യൂബ്‌ലൈറ്റുകളും സി.എഫ്.എൽ.-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി ഇ-ടെണ്ടർ നടപടിവഴി തെരഞ്ഞെടുത്ത എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണയിലെത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. സഹായം

157 (1595) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിരനഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?